**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 2018 - 19 സാമ്പത്തിക വർഷത്തിൽ മുൻസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പെൻഷൻ അലോട്ട്മെന്റിനത്തിൽ എസ്.ഡി.ജി അവസാന ബാച്ചിൽ അനുവദിച്ച 50 കോടി രൂപ "2217-80-001-91(10) CONTRIBUTION TO THE MUNICIPAL COMMON SERVICE CENTRAL PENSION FUND" എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 758/2019/തസ്വഭവ — തിരുവനന്തപുരം, തീയതി : 30/03/2019

പരാമർശം : 1) 03/09/2018 തീയതിയിലെ സ.ഉ.(സാധാ) നം.2352/2018/തസ്വഭവ.
2) 27/03/2019 തീയതിയിലെ സ.ഉ.(സാധാ) നം.727/2019/തസ്വഭവ.
3) നഗരകാര്യ ഡയറക്ടറുടെ 21/03/2019 തീയതിയിലെ പി6/8226/16 നമ്പർ കത്ത്.

**ഉത്തരവ്**

മുൻസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പെൻഷൻ പദ്ധതിയായ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് എസ്ഡിജി ഫസ്റ്റ് ബാച്ചിൽ സർക്കാർ അനുവദിച്ച 50 കോടി രൂപയിൽ അനുവദിച്ച 21,13,59,173/- രൂപ (റ്റി.പി.എ 701010200000064 അക്കൗണ്ടിൽ നിന്നും പരാമർശം ഒന്ന് പ്രകാരം സർക്കാർ പിൻവലിച്ച തുക) കഴിച്ച് ബാക്കി തുകയായ 28,86,40,827/- രൂപ (ഇരുപത്തിയെട്ട് കോടി എൺപത്തിയാറു ലക്ഷത്തി നാല്പതിനായിരത്തി എണ്ണൂറ്റി ഇരുപത്തിയേഴ് രൂപാ മാത്രം) "2217-80-001-91 (10) CONTRIBUTION TO THE MUNICIPAL COMMON SERVICE CENTRAL PENSION FUND" ശീർഷകത്തിൽ നിന്നും അനുവദിച്ചുകൊണ്ട് പരാമർശം രണ്ട് പ്രകാരം ഉത്തരവായിരുന്നു. ടി പെൻഷൻ ഫണ്ടിലേയ്ക്ക് 2018 - 19 സാമ്പത്തിക വർഷത്തിൽ എസ്.ഡി.ജി അവസാന ബാച്ചിൽ അനുവദിച്ച 50 കോടി രൂപ റിലീസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം മൂന്ന് പ്രകാരം നഗരകാര്യ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018 - 19 സാമ്പത്തിക വർഷത്തിൽ മുൻസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പെൻഷൻ പദ്ധതിയായ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് എസ്ഡിജി അവസാന ബാച്ചിൽ അനുവദിച്ച 50 കോടി രൂപ "2217-80-001-91(10) CONTRIBUTION TO THE MUNICIPAL COMMON SERVICE CENTRAL PENSION FUND" എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്.മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) & (എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
ധനകാര്യ (ഡവലപ്പ്മെന്റ് വിഭാഗം) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ